## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1256** | **12-02-2025 - ൽ മറുപടിയ്ക്ക്**

## ഉരുത്തിമുക്ക് പാലം നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ എടച്ചേരിയേയും കൂത്ത്പറമ്പ് മണ്ഡലത്തിലെ കരിയാടിനേയും ബന്ധിപ്പിക്കുന്ന ഉരുത്തിമുക്ക് പാലത്തിന്റെ നിർമ്മാണപുരോഗതി വിശദമാക്കുമോ? | (എ) | കോഴിക്കോട് ജില്ലയിലെ നാദാപുരം മണ്ഡലത്തിലെ എടച്ചേരിയെയും കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് മണ്ഡലത്തിലെ കരിയാടിനെയും ബന്ധിപ്പിക്കുന്ന ഉരുത്തിമുക്ക് പാലത്തിന് 31.10.2016 തീയതിയിലെ GO (Rt) No.1496/2016/PWD പ്രകാരം തത്വത്തിൽ 15 കോടി രൂപയുടെ ഭരണാനുമതിയും 16.03.2019 തീയതിയിലെ ഉത്തരവ് പ്രകാരം കിഫ്ബിയിൽ നിന്നും 11.791 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിരുന്നു. 25.10.2019-ൽ 12.98 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി, വർക്ക് ടെൻഡർ ചെയ്തു. തുടർന്ന് M/s ULCCS Pvt Ltd ന് 12.32 കോടി രൂപയ്ക്ക് കരാർ നൽകി. പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കാലതാമസം നേരിട്ടതിനാൽ പ്രവൃത്തി വൈകിയതിനെ തുടർന്ന് കരാറുകാരൻ Price Escalation ആവശ്യപ്പെടുകയും ആയതിന് കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിക്കാത്തതിനെ തുടർന്ന് കരാറുകാരനെ ഒഴിവാക്കി പ്രവൃത്തി foreclose ചെയ്യുകയും ബാലൻസ് പ്രവൃത്തി ടെണ്ടർ ചെയ്യുകയുമാണുണ്ടായത്. പാലത്തിന്റെ നിർമ്മാണം നിലവിൽ 7% മാത്രമാണ് ULCCS പൂർത്തീകരിച്ചിട്ടുള്ളത്. നിലവിൽ അപ്രോച്ച് റോഡുകളുടെ സ്ഥലം ഏറ്റെടുപ്പ് പൂർത്തീകരിച്ച് സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. തുടർന്ന് ബാലൻസ് എസ്റ്റിമേറ്റിന്, 08.05.2023-ൽ 12.401 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി വർക്ക് ടെൻഡർ ചെയ്തു. മൂന്ന് തവണ പ്രവൃത്തി ടെണ്ടർ ചെയ്തു. ആദ്യത്തെ ടെൻഡർ സിംഗിൾ ബിഡ് ആയതിനാൽ റീ ടെൻഡർ ചെയ്തു. രണ്ടാമത്തെ ടെൻഡറിൽ ULCCS ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 27% അധികമായതിനാൽ 45-ാംത്തെ ടെൻഡർ അപ്രൂവൽ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം വീണ്ടും റീ ടെൻഡർ ചെയ്തു. തുടർന്ന് മൂന്നാമത്തെ ടെൻഡറിലും ULCCS ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 27% |

| | | | |
|---|---|---|---|
| | | | അധികമായതിനാൽ സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുവാൻ 47-ാംത്തെ ടെൻഡർ അപ്രൂവൽ കമ്മിറ്റി തീരുമാനിച്ചു. 21.11.2023 ൽ ടെൻഡർ സർക്കാരിൽ സമർപ്പിക്കുകയും 04.04.2024 തീയതിയിൽ എസ്റ്റിമേറ്റ് പുനഃപരിശോധിച്ച് വീണ്ടും ടെൻഡർ ചെയ്യുവാനുള്ള നിർദ്ദേശം സർക്കാരിൽ നിന്നും നൽകിയതിനെ തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് 166-ാം ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുകയും തുടർന്ന് അംഗീകാരം നല്കുകയും ചെയ്തു. അംഗീകരിച്ച എസ്റ്റിമേറ്റ് PRICE മുഖേന TECHNICAL SANCTION നൽകി SUB PROJECT REVISION നു വേണ്ടി കിഫ്ബിക്കു സമർപ്പിച്ചിരുന്നു. ആയത് പ്രകാരം കിഫ്ബിയിൽ നിന്നും 03.01.2025 തീയതിയിൽ 17.95 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഈ പ്രവൃത്തിയുടെ പ്രൊജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റിൽ (PED) ചില ഭേദഗതികൾ വരുത്തിക്കൊണ്ട് കിഫ്ബിയിൽ പുനർസമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരം നൽകുന്ന മുറയ്ക്ക് പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ